# DIOCESE OF IRINJALAKUDA

Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : ijkbph@gmail.com


EPARCHIAL CURIA 491/20 23/05/20 IRINJALAKUDA-680 121

Date :.............

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളെ,

ഇരിങ്ങാലക്കുട രൂപതാഭവനത്തിൽ നിന്നും സ്നേഹാശംസകൾ നേരുന്നു. 2020 മെയ് ഇരുപതാം തിയ്യതി ബുധനാഴ്ച രൂപതാഭവനത്തിൽ വച്ചു നടത്തിയ കൂരിയ അംഗങ്ങളുടേയും, ആലോചന സമിതി അംഗങ്ങളുടേയും, ഫൊറോന വികാരിമാരുടേയും സമ്മേളനങ്ങളിൽ നിന്നും ഉരുതിരിഞ്ഞ ആശയങ്ങളുടെ വെളിച്ചത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ അറിയിക്കുന്നു:

1. കോവിഡ് 19 ന്റെ ഭാഗമായുള്ള ലോക്ക് ഡൗണിന്റെ നാലാം ഘട്ടം തുടരുന്നതിനാലും മതപരമായ ഒത്തുകൂടലുകൾ ഗവൺമെന്റ് അനുവദിക്കാത്തതിനാലും വൈദികരുടെ വാർഷികധ്യാനം നേരത്തെ നിശ്ചയിച്ചിരുന്നതുപോലെ 2020 ജൂൺ മാസത്തിൽ (1–5, 15–19) ഉണ്ടായിരിക്കുന്നതല്ല. കൊറോണ വൈറസിന്റെ വ്യാപനം നിയന്ത്രിക്കപ്പെടുകയും മതപരമായ ഒത്തുകൂടലുകൾ സാധാരണ ഗതിയിലാകുന്നതനുസരിച്ചും വാർഷികധ്യാനത്തിന്റെ തിയ്യതി പിന്നീട് നിശ്ചയിച്ച് അറിയിക്കുന്നതാണ്. സെപ്തംബർ അവസാനത്തെ രണ്ടാഴ്ചകളിൽ വൈദികരുടെ പഞ്ചദിന ക്യാമ്പിന് (14–18, 21–25) പകരം വാർഷിക ധ്യാനം നടത്തുവാൻ സാധിക്കുമെന്ന് കരുതുന്നു.
2. വൈദികരുടെ സ്ഥലമാറ്റം ഇപ്പോഴത്തെ സാഹചര്യം പരിഗണിച്ച് ഈ വർഷം ജൂലൈ മാസത്തിൽ ഉണ്ടായിരിക്കുന്നതല്ല. വാർഷികധ്യാനത്തിനുശേഷം സ്ഥലമാറ്റം നടത്താവുന്ന വിധത്തിൽ ഇക്കാര്യം ക്രമീകരിക്കുന്നതാണ്.
3. പളളിയോഗങ്ങൾ സാധാരണഗതിയിൽ കൂടുവാൻ ഇപ്പോൾ അനുവദനീയമല്ലാത്തതിനാൽ പുതിയ കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പും (പളളിയോഗ നടപടി ക്രമങ്ങൾ–നമ്പർ:41 മുതൽ) തെരട്ട് ഹാജരാക്കലും (ഇരിങ്ങാലക്കുട രൂപത നിയമാവലി–2017 നമ്പർ:190; അനുബന്ധം അഞ്ച്–പേജ്:241) നീട്ടി വയ്ക്കുന്നു. മതപരമായ കാര്യങ്ങൾ സാധാരണഗതിയിലാകുന്നതനുസരിച്ച് ഈ കാര്യങ്ങളുടെ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്. പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതുവരെ ഇപ്പോഴത്തെ കൈക്കാരന്മാർ അവരുടെ ഉത്തരവാദിത്വങ്ങൾ തുടരുവാൻ അനുവദിച്ചിരിക്കുന്നു. തെരട്ട് സമർപ്പിക്കുന്നത് നീട്ടി വയ്ക്കുന്നുവെങ്കിലും പളളികണക്കുകൾ എല്ലാം ശരിയാക്കി Internal auditing പൂർത്തിയാക്കി വയ്ക്കേണ്ടതാണ്.
4. വിശുദ്ധ കുർബ്ബാനയ്ക്ക് അനുവദനീയമായിട്ടുള്ളിടത്തോളം പേരെ (ഇപ്പോൾ അഞ്ചുപേർ) പങ്കെടുപ്പിക്കാവുന്നതാണ്. കൈക്കാരന്മാർ, ഇടവക പ്രതിനിധികൾ, കുടുംബസമ്മേളന ഭാരവാഹികൾ, സംഘടന ഭാരവാഹികൾ എന്നിവരിൽ നിന്നും രണ്ടോ മൂന്നോ പേരെ തിരഞ്ഞെടുത്ത് ബഹു. അച്ചനും ദേവാലയ ശുശ്രൂഷിയും കൂടെ വി. കുർബ്ബാനയർപ്പിക്കുന്നത് ഉചിതമായിരിക്കും. ഒന്നിൽ കൂടുതൽ വൈദികരുണ്ടെങ്കിൽ കുർബ്ബാനയുടെ എണ്ണം കൂട്ടുന്നതും അഭികാമ്യമാണ്.
5. ലോക് ഡൗണിന്റെ നിബന്ധനങ്ങൾക്ക് അനുസൃതമായി ദൈവജനത്തിന്റെ ആത്മീയാവശ്യങ്ങളായ മാമ്മോദീസ, വിവാഹം, ഒറ്റയ്ക്കുള്ള ആദ്യകുർബ്ബാന സ്വീകരണം, മനസമ്മതം, മൃതസംസ്കാരം, ചരമ വാർഷികം, മരിച്ചവർക്ക് വേണ്ടിയുള്ള ഒപ്പീസ്, വീട്ടന്നിദ, സാമൂഹിക അകലം പാലിച്ചുകൊണ്ടുള്ള കുമ്പസാരം തുടങ്ങിയവ അനുഭാവപൂർവം പരിഗണിച്ചു നടത്തിക്കൊടുക്കേണ്ടതാണ്.
6. 2020 മെയ് 31 ഞായറാഴ്ച മുതലുള്ള അദ്ധ്യയന വർഷത്തെ മതബോധന വിഷയമായി ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് ''ഗുരുദർശനം ജീവിത പ്രതിസന്ധികളിൽ'' എന്ന് നിശ്ചയിച്ചിരിക്കുന്നു.
7. കൊറോണ വൈറസ്/കോവിഡ് 19 ന്റെ വ്യാപനത്തെതുടർന്ന് നമ്മുടെ നാട്ടിലുണ്ടായ പ്രതിസന്ധികളെ തരണം ചെയ്യാനുള്ള പരിശ്രമങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായമെത്തിക്കുവാൻ ഒരു കോടി തൊണ്ണൂറു ലക്ഷം രൂപ നമ്മുടെ രൂപതാഭവനവും, രൂപത സോഷ്യൽ ആക്ഷൻ ഫോറവും ചാലക്കുടി അവാർഡ് സൊസൈറ്റിയും ഇടവകകളും സ്ഥാപനങ്ങളും സന്യാസഭവനങ്ങളും ചേർന്ന് 2020 ഏപ്രിൽ 31 വരെ ചിലവഴിച്ചിട്ടുണ്ട്. ഇതിനുവേണ്ടി സഹകരിച്ചവരേയും നേതൃത്വം നൽകിയവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.
8. ദുരിതമനുഭവിക്കുന്നവരേയും സാമ്പത്തിക തകർച്ചയിലായിരിക്കുന്നവരേയും സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. അതിനുവേണ്ടി ആവശ്യമായിട്ടുള്ള എല്ലാ സഹായസഹകരണങ്ങളും തുടർന്നും

DIOCESE OF IRINJALAKUDA
Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : ijkbph@gmail.com

EPARCHIAL CURIA IRINJALAKUDA-680 121 491/20 22/05/20

Date :........................................

ചെയ്യുമല്ലോ. എന്നാൽ, സമത്വവും തുല്യനീതിയും നടപ്പാക്കുന്നു എന്ന രീതിയിൽ സഹായം ആവശ്യമില്ലാത്ത സമ്പന്നർക്കുംകൂടെ വിതരണം ചെയ്യുവാൻ ഇടവകയുടെ പൊതുസമ്പത്ത് ഉപയോഗിക്കുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. അത് ദുരിതമനുഭവിക്കുന്നവർക്ക് അർഹതപ്പെട്ട സഹായം ലഭിക്കുന്നതിന് തടസ്സമാകുമെന്ന കാര്യം മറക്കരുത്.

9. നമുക്ക് ഏറെ പ്രിയപ്പെട്ട പ്രവാസികളുടെ സ്വദേശത്തേക്കുള്ള തിരിച്ചുവരവിനോടനുബന്ധിച്ച് പ്രത്യേക ഇടപെടലുകൾ രൂപതാതലത്തിൽ നടത്തപ്പെടുവാൻ ഇരിങ്ങാലക്കുട മേഖലയിൽ 'രൂപത സോഷ്യൽ ആക്ഷൻ' ഡയറക്ടറേയും ചാലക്കുടി മേഖലയിൽ 'അവാർഡ്' ഡയറക്ടറേയും മാള മേഖലയിൽ 'കേരളസഭ' പത്രം എക്സി. ഡയറക്ടറേയും ബന്ധപ്പെടേണ്ടതാണ്.
10. തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ കണ്ടെത്തുന്നതിനും തൊഴിലാളികളെ ആവശ്യമുള്ളവർക്ക് അക്കാര്യത്തിനും കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷികവിളകൾ വിറ്റഴിക്കുന്നതിനും മറ്റു ഇതരമേഖലകൾ തുറന്നുകൊടുക്കുന്നതിനും ഒരു മൊബൈൽ ആപ്പ് "കൂട" എന്ന പേരിൽ ചാലക്കുടി 'അവാർഡ്' സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഉചിതമായ പ്രചാരം കൊടുത്ത് ആവശ്യക്കാരെ സഹായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
11. വീടുകളിൽ അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് വിത്തുകൾ ലഭ്യമാക്കുന്നതിനും പള്ളിയുടേയും, സ്ഥാപനങ്ങളുടേയും തരിശുഭൂമികൾ കാർഷിക യോഗ്യമാക്കുന്നതിനും, ഇടവക അതിർത്തിയിലുള്ള നെൽകൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായിട്ടുള്ള നേതൃത്വം രൂപത സോഷ്യൽ ആക്ഷൻ നൽകുന്നുണ്ട്. ഇതിന് ഉചിതമായ പിന്തുണ നൽകേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.
12. ഈ വർഷം സെമിനാരി അഡ്മിഷനു ആഗ്രഹിക്കുന്ന യോഗ്യതയുള്ള കുട്ടികളെ കണ്ടുപിടിച്ചു എത്രയും വേഗം രൂപത മൈനർ സെമിനാരി റെക്ടർ ബഹു. വിൻസന്റ് പാറയിൽ അച്ചനെയോ, വൊക്കേഷൻ ഡയറക്ടർ ബഹു. ബിവിൻ കളമ്പാടൻ അച്ചനേയോ അറിയിക്കേണ്ടതാണ്.
13. കോവിഡ് 19 ന്റെ ഭാഗമായി ക്വാറന്റയിനിൽ പോകുന്ന വ്യക്തികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി രൂപത സ്ഥാപനങ്ങളായ കല്ലേറ്റുംകര PACS; ആളൂർ BLM Retreat Centre; കൊടകര Sahrdaya Eng. College Hostel, ചാലക്കുടി St. James Medical Academy Hostel, എന്നിവ ആവശ്യമുള്ള സന്ദർഭങ്ങളിൽ ഗവൺമെന്റിന്റെ സെന്ററുകളായി ഉപയോഗിക്കുവാൻ നാം സന്നദ്ധത പ്രകടമാക്കിയിട്ടുണ്ട്.
14. ഈ കാലഘട്ടത്തിൽ സാമൂഹ്യമാധ്യമങ്ങളിലൂടെ തെറ്റായി പ്രചരിപ്പിക്കുന്ന സഭാവിരുദ്ധ പ്രസ്താവനകൾക്കും വിശ്വാസ വിരുദ്ധ ചിന്താഗതികൾക്കും പ്രസ്ഥാനങ്ങൾക്കും എതിരെ വിശ്വാസികൾ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.
15. മതബോധന അദ്ധ്യയനവർഷം 2020 മെയ് 31 ന് ഞായറാഴ്ച ആരംഭിക്കുന്നതിനാൽ മതപരമായ ഒത്തുകൂടലിന് ഗവൺമെന്റ് അനുവാദം ലഭിക്കുന്നതുവരെ ഭവനങ്ങളിൽ വിശ്വാസപരിശീലനം നടത്തുവാൻ രൂപത മതബോധനകേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ബഹു. വികാരിയച്ചന്മാർ നേതൃത്വം നൽകേണ്ടതാണ്.
16. മേജർ സെമിനാരി വിദ്യാർത്ഥികൾക്ക് സെമിനാരി ഔദ്യോഗികമായി തുറക്കുന്നതുവരെ ഓൺലൈൻ ക്ലാസ്സുകൾ ജൂൺ 1 മുതൽ ആരംഭിക്കുന്നതാണ്. വീടുകളിൽവച്ച് ഈ ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ സൗകര്യമില്ലെങ്കിൽ ഇടവക പള്ളികളിൽ ആവശ്യമായ സഹായം ചെയ്തു കൊടുക്കേണ്ടതാണ്.

കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധികളുടെ നടുവിലും ആത്മീയ കാര്യങ്ങളിലും അജപാലന ശുശ്രൂഷകളിലും സാമൂഹിക പ്രവർത്തനങ്ങളിലും കാര്യക്ഷമമായ നേതൃത്വം കൊടുക്കുന്ന അജപാലകരായിട്ടുള്ള നിങ്ങളെല്ലാവരോടും സ്നേഹപൂർവ്വം നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

+ Pauly Kannookadan

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

രൂപതാഭവനം
23-05-2020